www.gulf-chandrika.com
ഗൾഫ് ചന്ദ്രിക



## കറൻസി മൂല്യം

| | | |
|---|---|---|
| 1 യു.എ.ഇ ദിർഹം | 22.75 | ₹ |
| 1 ഒമാനി റിയാൽ | 217.04 | ₹ |
| 1 സൗദി റിയാൽ | 22.28 | ₹ |
| 1 ഖത്തർ റിയാൽ | 22.95 | ₹ |
| 1 കുവൈത്ത് ദിനാർ | 273.28 | ₹ |
| 1 ബഹ്റൈൻ ദിനാർ | 221.64 | ₹ |

## സ്വർണവില

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 295.50 |
| 22 കാരറ്റ് | 273.75 |
| 21 കാരറ്റ് | 265.00 |
| 18 കാരറ്റ് | 227.00 |





# മസ്കത്ത് വെടിവെപ്പിൽ 9 പേർ കൊല്ലപ്പെട്ടു; ഒരാൾ ഇന്ത്യക്കാരൻ



മസ്കത്ത്: ഒമാൻ തലസ്ഥാനമായ മസ്കറ്റിലെ പള്ളിക്ക് സമീപമുണ്ടായ വെടിവെപ്പിൽ ഒരു പോലീസ് ഉദ്യോഗസ്ഥനും മൂന്ന് തോക്കുധാരികളുമടക്കം ഒമ്പത് പേർ കൊല്ലപ്പെട്ടതായി പോലീസ് അറിയിച്ചു. സംഭവത്തിൽ നാല് പോലീസുകാരടക്കം 28 പേർക്ക് പരിക്കേറ്റു. എല്ലാവരെയും ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടക്കുന്നതായി പോലീസ് പ്രസ്താവനയിൽ പറഞ്ഞു. സംഭവവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ കണ്ടെത്തുന്നതിനായി അധികാരികൾ തെളിവുകൾ ശേഖരിക്കുകയും അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നത് തുടരുകയാണ്-പോലീസ് എക്സിൽ കൂട്ടിച്ചേർത്തു.

കിഴക്കൻ മസ്കത്തിലെ പള്ളിയിൽ നാല് പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി സൈന്യം ആദ്യഘട്ടത്തിൽ അറിയിച്ചിരുന്നു. ലഭ്യമായ ഫൂട്ടേജുകൾ പ്രകാരം വാദി കബീർ ഇമാം അലി മസ്ജിദിന് സമീപം ആളുകൾ ഓടിപ്പോകുന്നത് കാണിക്കുന്നു, അതിന്റെ മിനാരം ദൃശ്യമാണ്, വെടിയൊച്ചകൾ മുഴങ്ങുന്നു. പുലർച്ചെ നിരവധി റൗണ്ട് വെടിയൊച്ചകൾ കേൾക്കാമായിരുന്നു. പോലീസ് സൈറണുകൾ മുഴങ്ങുകയും നിയമപാലകരുടെ വാഹനങ്ങൾ പള്ളി വളയുകയും ചെയ്തപ്പോൾ ഒത്തുകൂടിയ ധാരാളം ഓടുന്നത് കാണാം. തലസ്ഥാന നഗരമായ മസ്കത്തിലെ വാദി അൽ കബീറിൽ നടന്ന ആക്രമണത്തിൽ രണ്ട് പാകിസ്ഥാൻ പൗരന്മാരും കൊല്ലപ്പെട്ടതായി പാകിസ്ഥാൻ വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു. ഒമാനിലെ പാകിസ്ഥാൻ അംബാസഡർ ഇമ്രാൻ അലി പരിക്കേറ്റവരെ ആശുപത്രിയിൽ സന്ദർശിച്ചതായി എംബസി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ പോസ്റ്റ് ചെയ്തു. വെടിവെപ്പിനെ തുടർന്ന് മസ്കത്തിലെ യുഎസ് എംബസി സുരക്ഷാ മുന്നറിയിപ്പ് പുറപ്പെടുവിക്കുകയും എല്ലാ വിസ അപ്പോയിന്റ്മെന്റുകളും ചൊവ്വാഴ്ച റദ്ദാക്കുകയും ചെയ്തു. യുഎസ് പൗരന്മാർ ജാഗ്രത പാലിക്കണമെന്നും പ്രാദേശിക വാർത്തകൾ നിരീക്ഷിക്കുകയും പ്രാദേശിക അധികാരികളുടെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും വേണമെന്നും എംബസി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ എഴുതി. ഒമാനിൽ നാല് ദശലക്ഷത്തിലധികം ജനസംഖ്യയിൽ 40 ശതമാനത്തിലധികം പ്രവാസി തൊഴിലാളികളാണ്.

## സായിദ് വിമാനത്താവളത്തിൽ ബുർജീൽ ക്ലിനിക് തുറന്നു




അബുദാബി: സായിദ് രാജ്യാന്തര വിമാനത്താവളത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ക്ലിനിക് തുറന്ന് പ്രമുഖ സൂപ്പർ സ്പെഷ്യലിറ്റി ഹെൽത്ത്കെയർ സേവനദാതാവായ ബുർജീൽ ഹോൾഡിങ്സ്. യാത്രക്കാർക്കും എയർപോർട്ട് ജീവനക്കാർക്കും മികച്ച വൈദ്യസഹായം ഉടനടി ലഭ്യമാക്കുന്നതിനായി ആരംഭിച്ച അത്യാധുനിക സൗകര്യങ്ങളോടെയുള്ള ബുർജീൽ എയർപോർട്ട് ക്ലിനിക് യാത്രക്കാർക്ക് വിമാനത്താവളത്തിന് പുറത്തു പോകാതെ തന്നെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കും. ലോകോത്തര നിലവാരമുള്ള സായിദ് രാജ്യാന്തര വിമാനത്താവളത്തിന് പ്രതിവർഷം 45 ദശലക്ഷം യാത്രക്കാരെ വരെ വഹിക്കാൻ ശേഷിയുണ്ട്. എയർപോർട്ടിൽ നടന്ന ചടങ്ങിൽ ബുർജീൽ ഹോൾഡിങ്സ് സ്ഥാപകനും ചെയർമാനുമായ ഡോ. ഷംഷീർ വയലിൽ, അബുദാബി എയർപോർട്ട്സ് മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ എലീന സോർലിനി എന്നിവർ ക്ലിനിക് ഉദ്ഘാടനം ചെയ്തു. ബുർജീൽ ഹോൾഡിങ്സ് സിഇഒ ജോൺ സുനിൽ, ഗ്രൂപ്പ് സിഒഒ സഫീർ അഹമ്മദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. യാത്രയ്ക്കിടയിൽ ഉണ്ടായേക്കാവുന്ന വിവിധ ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സജ്ജമാണ് ക്ലിനിക്. കൂടുതൽ സങ്കീർണമായ കേസുകൾ മികച്ച സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ബുർജീലിന്റെ മറ്റു ആശുപത്രികളിലേക്ക് റഫർ ചെയ്യും. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുമുള്ള യാത്രക്കാരെ പരിചരിക്കുന്നതിലൂടെ യുഎഇ വാഗ്ദാനം ചെയ്യുന്ന ലോകോത്തര ചികിത്സാ സാധ്യതകൾ പങ്കുവയ്ക്കാനാണ് ശ്രമമെന്ന് ബുർജീൽ സിഇഒ ജോൺ സുനിൽ പറഞ്ഞു. പൊതു ആരോഗ്യ സേവങ്ങൾക്ക് പുറമെ വാക്സിനേഷൻ സഹായവും ക്ലിനിക് ലഭ്യമാക്കും. എയർപോർട്ടിലൂടെ യാത്ര ചെയ്യുന്ന ലേഓവർ യാത്രക്കാർക്കും ക്ലിനിക്ക് സഹായകരമാകും.

## വായുവിൽ നിന്ന് കുടിവെള്ളം ഡെലിവറി ജീവനക്കാർക്കായി ദുബൈ പദ്ധതി



ദുബൈ: ഡെലിവറി ജീവനക്കാരുടെ എസി വിശ്രമകേന്ദ്രങ്ങളിൽ വായുവിൽ നിന്ന് കുടിവെള്ളം ഉത്പാദിപ്പിക്കുന്ന എയർ ടു വാട്ടർ ഡിസ്പെൻസറുകൾ സ്ഥാപിച്ചു. അന്തരീക്ഷത്തിലെ ഈർപ്പം വലിച്ചെടുത്ത് തണുപ്പിച്ച് കുടിവെള്ളമാക്കി മാറ്റുന്ന സാങ്കേതികവിദ്യയാണിത്. പ്രതിദിനം 100 ലിറ്റർ കുടിവെള്ളം ഉത്പാദിപ്പിക്കാൻ ശേഷിയുള്ള സംവിധാനമാണ് സ്ഥാപിച്ചത്. ദുബൈ റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റിയും മാജീദ് അൽ ഫുതൈം ഗ്രൂപ്പും സംയുക്ത കരാർ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഒരു വിശ്രമകേന്ദ്രത്തിൽ മൂന്ന് എയർ ടു വാട്ടർ ഡിസ്പെൻസറുകളാണ് സ്ഥാപിക്കുന്നത്. കൂടാതെ രാജ്യത്തെ ഡെലിവറി ജീവനക്കാർക്കായി 40 എസി വിശ്രമകേന്ദ്രങ്ങൾ കൂടി നിർമിക്കുമെന്ന് ആർടിഎ ലൈസൻസിങ് ഏജൻസി സിഇഒ. അബ്ദുല്ല യൂസഫ് അൽ അലി വ്യക്തമാക്കി. നിലവിൽ ആറായിരം ആധുനിക വിശ്രമകേന്ദ്രങ്ങളാണ് യുഎഇയിലുള്ളത്. വിശ്രമകേന്ദ്രങ്ങൾ കണ്ടെത്താൻ ജീവനക്കാർക്ക് ഇന്ററാക്ടീവ് മാപ്പും പുറത്തിറക്കിയിട്ടുണ്ട്. യുഎഇയിലെ കനത്തവെനലിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന വിഭാഗമാണ് ഡെലിവറി ജീവനക്കാർ. ഇവർക്കായി ഒട്ടേറെ സംരക്ഷണപദ്ധതികൾ മാനവ വിഭവശേഷി സ്വദേശിവത്കരണ മന്ത്രാലയം നടപ്പാക്കുന്നുണ്ട്.

## പ്രമുഖ പണ്ഡിതൻ ശൈഖ് മുഹമ്മദ് അലിയുടെ വിയോഗത്തിൽ ശൈഖ് മുഹമ്മദ് അനുശോചിച്ചു



ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ദുബൈയിലെ പ്രമുഖ പണ്ഡിതൻ ശൈഖ് മുഹമ്മദ് അലിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ശൈഖ് മുഹമ്മദ് എക്സിലൂടെ ട്വീറ്റ് ചെയ്തു-ദുബൈയിലെ വിശിഷ്ട പണ്ഡിതന്മാരിൽ ഒരാൾ അന്തരിച്ചു, പണ്ഡിതന്മാരുടെ സുൽത്താൻ ശൈഖ് മുഹമ്മദ് അലി, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നൂറുകണക്കിന് വിദ്യാർത്ഥികൾ ബിരുദം നേടി, കൂടാതെ അദ്ദേഹം എഴുതിയതിൽ കൂടുതലും ശരീഅത്ത് സയൻസിനെക്കുറിച്ചുള്ള 70 പുസ്തകങ്ങൾ. കൂടാതെ ഡസൻ കണക്കിന് ജീവകാരുണ്യ പദ്ധതികൾ പൂർത്തിയാക്കി. അദ്ദേഹത്തിന്റെ കൗൺസിൽ നന്മയും വിജ്ഞാനവും ശരീഅത്തും ആളുകളുമായുള്ള ഇടപഴകലും നിറഞ്ഞതായിരുന്നു. ദൈവം അദ്ദേഹത്തോട് കരുണ കാണിക്കുകയും വിശാലമായ പൂന്തോട്ടത്തിൽ അവനെ പാർപ്പിക്കുകയും അവന്റെ കുടുംബത്തിനും ബന്ധുക്കൾക്കും ക്ഷമയും ആശ്വാസവും നൽകുകയും ചെയ്യട്ടെ-ശൈഖ് മുഹമ്മദ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. 2016 ലെ ദുബൈ ഖുർആൻ അവാർഡിന്റെ ഇസ്ലാമിക വ്യക്തിത്വമായി 96 ാം വയസ്സിൽ ശൈഖ് മുഹമ്മദ് അലി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

## കുവൈത്തിൽ ഫാമിലി വിസക്ക് അപേക്ഷിക്കാൻ ഡിഗ്രി വേണ്ട

കുവൈത്ത്: പ്രവാസികൾക്ക് ഫാമിലി വിസക്ക് അപേക്ഷിക്കാൻ ഡിഗ്രി വേണ്ട. കുവൈത്ത് സർക്കാരിന്റെ ഈ തീരുമാനം പ്രവാസികൾക്ക് സന്തോഷകരമായ വാർത്തയാണ്. പ്രവാസികൾക്ക് ഫാമിലി വിസക്ക് അപേക്ഷിക്കാൻ യൂണിവേഴ്സിറ്റി ഡിഗ്രി വേണമെന്ന വ്യവസ്ഥ റദ്ദാക്കാനൊരുങ്ങുകയാണ് കുവൈത്ത് ആഭ്യന്തര മന്ത്രാലയം. ഇതുമായി ബന്ധപ്പെട്ട് മന്ത്രിസഭ തീരുമാനമെടുത്തു. അതിനാൽ ഇനി യൂണിവേഴ്സിറ്റി ബിരുദം എന്ന വ്യവസ്ഥയില്ലാതെ പ്രവാസികൾക്ക് അവരുടെ ഭാര്യമാരെയും 14 വയസിന് താഴെയുള്ള കുട്ടികളെയും രാജ്യത്തേക്ക് കൊണ്ടുവരാൻ സാധിക്കും. കുടുംബത്തെ കൊണ്ടുവരുന്ന പ്രവാസികൾക്ക് മിനിമം സാലറി 800 കുവൈത്ത് ദിനാർ വേണമെന്ന നിബന്ധനയടക്കമുള്ള പുതിയ വ്യവസ്ഥകളും നിയന്ത്രണങ്ങളും സംബന്ധിച്ച് മുമ്പ് മന്ത്രിതല പ്രമേയം പുറപ്പെടുവിച്ചിരുന്നു. അപേക്ഷകന് സർവകലാശാലാ യോഗ്യത വേണമെന്നും കൂടാതെ രാജ്യത്തെ അവന്റെ തൊഴിൽ, യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി പൊരുത്തപ്പെടണമെന്നും നിബന്ധനയുണ്ടായിരുന്നു. ഇതിലാണ് ഇപ്പോൾ മാറ്റം വരുത്തിയിരിക്കുന്നത്. അതേസമയം റസിഡൻസി, തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ മന്ത്രാലയത്തിലെ സുരക്ഷാ വിഭാഗം നടപടികൾ ശക്തമാക്കിയിട്ടുണ്ട്. നിയമലംഘകരെ രാജ്യത്ത് നിന്ന് പുറത്താക്കുമെന്നും അധികൃതർ വ്യക്തമാക്കി

# അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെന്റർ സമ്മർ ക്യാമ്പിന് സമാപനം




അബുദാബി: ഇന്ത്യൻ ഇസ്ലാമിക് സെന്റർ എഡ്യൂക്കേഷൻ വിങ്ങിന് കീഴിൽ സംഘടിപ്പിച്ച ഇൻസൈറ്റ് ദശദിന സമ്മർ ക്യാമ്പ് സമാപിച്ചു. ഇസ്ലാമിക് സെന്റർ പ്രധാന ഹാളിൽ നടന്ന സമാപന സെഷൻ അബുദാബി ഇന്ത്യൻ സ്കൂൾ ഹെഡ്മാസ്റ്റർ ശൈഖ് അലാവുദ്ധീൻ ഉദ്ഘാടനം ചെയ്തു. ഇസ്ലാമിക് സെന്റർ വൈസ് പ്രസിഡന്റ് വി.പി.കെ അബ്ദുള്ള അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.ഹിദായത്തുള്ള സ്വാഗതം പറഞ്ഞു. ഡോ.അബൂബക്കർ കുറ്റിക്കോൽ മുഖ്യപ്രഭാഷണം നടത്തി. ഇൻഫോസ്കിൽ ഡയറക്ടർ നസ്രിന്റെ നേതൃത്വത്തിൽ നടന്ന സമ്മർ ക്യാമ്പ് വൈവിധ്യങ്ങളായ പരിപാടികളാൽ വ്യത്യസ്തത പുലർത്തി.

കലാ കായിക മേഖലകളിൽ ആവേശം പകർന്ന ക്യാമ്പ് ആശയ വിനിമയത്തിനും കുട്ടികളിലെ അഭിരുചി കണ്ടെത്തുന്നതിനുമാണ് മുൻതൂക്കം നൽകിയത്. പത്തു ദിവസങ്ങളിലായി വൈകുന്നേരം 5.30 മുതൽ രാത്രി 9.30 വരെ നീണ്ടുനിന്ന ക്യാമ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക് തുടങ്ങിയ സെഷനുകളും കുട്ടികളിൽ കൗതുകം പകർന്നു. എഡ്യൂക്കേഷൻ സെക്രട്ടറി ഹാഷിം ഹസ്സൻ കുട്ടി സമ്മർ ക്യാമ്പിന്റെയും വിദ്യാർത്ഥികളുടെ പങ്കാളിത്തെ കുറിച്ചും പരിശീലനത്തെ കുറിച്ചും വിവരിച്ചു. ഇൻഫോസ്കിൽ ഡയറക്ടർ നസ്രിൻ സമ്മർ ക്യാമ്പിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച പുരോഗതി രക്ഷിതാക്കളുമായി പങ്കുവെച്ചു. ട്രഷറർ ബി.സി അബൂബക്കർ നന്ദി പറഞ്ഞു. മുൻ സെന്റർ സെക്രട്ടറി അഡ്വ. കെ വി മുഹമ്മദ് കുഞ്ഞി, ടി കെ അബ്ദുസലാം, അബ്ദുൽ റഹ്മാൻ തങ്ങൾ, മാനേജിങ് കമ്മറ്റി അംഗങ്ങളായ അഷ്റഫ് ഹാജി വാരം, സി.കെ ഹുസൈൻ, ജാഫർ കുട്ടിക്കോട്, മഷൂദ് നീർച്ചാൽ, സുനീർ ബാബു, കരീം കമാൽ എന്നിവർ സംസാരിച്ചു. സമ്മർ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളെയും പരിശീലകരെയും വോളന്റിയർമാരെയും സമാപന സെഷനിൽ ആദരിച്ചു. ഡോ.ഹസീന ബീഗം, സഫറുള്ള പാലപ്പെട്ടി, അജിൽ ബാലകൃഷ്ണൻ, മുഹമ്മദ് ബിലാൽ, അബൂബക്കർ അൽ ഖയാം ബേക്കറി, കെഎംസിസി നേതാക്കളായ അഷ്റഫ് പൊന്നാനി, കോയ തിരുവത്ര, അനീസ് മാങ്ങാട്, അബ്ദുൽ കാദർ ഒളവട്ടൂർ, സഫീഷ് മാവേലിക്കര, സാജിദ് തിരൂർ, മൊയ്ദീൻ കുട്ടി കയ്യം സംബന്ധിച്ചു.

## സഹപാഠികൾക്കായി സ്കൂൾ കിറ്റുകൾ തയ്യാറാക്കി ദുബൈയിലെ സ്കൂളുകൾ



ദുബൈ: സഹപാഠികളെ സഹായിക്കാനായി വിദ്യാർത്ഥികൾ രംഗത്ത്. കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കായി 9,000 സ്കൂൾ കിറ്റുകൾ തയ്യാറാക്കാൻ ദുബൈ കെയേഴ്സ് യുഎഇയിലുടനീളമുള്ള 12 സ്കൂളുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. 3,573 വിദ്യാർത്ഥി സന്നദ്ധപ്രവർത്തകർ, അധ്യാപകർ, രക്ഷിതാക്കൾ, കുടുംബാംഗങ്ങൾ എന്നിവർ ഉൾപ്പെട്ട ഈ സംരംഭം, സ്പ്രിംഗ് ഫെയറുകൾ, ബേക്ക് സെയിൽസ്, ഗെയിമുകൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ 7 ലക്ഷം ദിർഹം സമാഹരിച്ചു. പങ്കെടുത്ത സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും അർപ്പണബോധത്തിനും കഠിനാധ്വാനത്തിനും ദുബൈ കെയേഴ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അബ്ദുല്ല അഹമ്മദ് അൽഷെഹി നന്ദിയും അഭിനന്ദനവും അറിയിച്ചു. അവരുടെ പ്രയത്നങ്ങൾ നിരവധി കുട്ടികൾക്ക് ഒരു അധ്യയന വർഷത്തിന് ആവശ്യമായ ഉപകരണങ്ങൾ നൽകാൻ സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

